(ബി) പിടിച്ചെടുത്ത വാഹനങ്ങൾ കാലതാമസം കൂടാതെതന്നെ സർക്കാരിലേക്ക് കണ്ടുകെട്ടി ലേലവിൽപ്പന ചെയ്യുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിച്ചുവരുന്നു. രാസപരിശോധനാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി പ്രത്യേക അപേക്ഷ ചീഫ് കെമിക്കൽ എക്സാമിനർക്ക് നൽകിയും, ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് വാഹന ഉടമയെ കണ്ടുപിടിച്ച്, വാഹന ഉടമയെ കേട്ടും ഉടമയെ ലഭ്യമല്ലാത്ത കേസ്സുകളിൽ പത്രപരസ്യം നൽകിയും ടി വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ

88 (5493) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല.

ബാർ ലൈസൻസ് നൽകുന്നതിനുള്ള ശുപാർശ

89 (5494) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ, നീണ്ടകര പഞ്ചായത്തിൽ തീരദേശസംരക്ഷണ നിയമവും, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും, ടൗൺ പ്ലാനിന്റെയും (വിജിലൻസ്) എല്ലാ ഉത്തരവുകളെയും ലംഘിച്ച് നിർമ്മിച്ചതും ഹോട്ടൽ മാനേജ്മെന്റ് സ്കൂൾ നടത്താൻ വേണ്ടിയുള്ള കെട്ടിടം എന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയതുമായ കെട്ടിടത്തിൽ ബാർ ലൈസൻസ് നൽകാൻ കൊല്ലം ഡെപ്യൂട്ടി കമ്മീഷണറും, കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും കൂടി ചേർന്ന് എക്സൈസ് കമ്മീഷണർക്ക് ശുപാർശ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly